# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി.20/1836/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 23/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി.20/1836/23 തീയ്യതി: 23/12/2023

## പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-03-2023 മുതൽ 12-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 13-11-2023 | 21-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-11-2023 | 21-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രാജൻ.കെ. ഓഡിറ്റ് ഓഫീസർ,

രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

എം.വി,ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ

ലിക്സി അലക്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുഹറ.ടി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സൗമ്യ.എം. | സെക്രട്ടറി | 01-04-2022 | 03-10-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ജയലത.എൽ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-10-2022 | 10-10-2022 |
| ശ്രീമതി.മഞ്ജുഷ.കെ.എസ്. | സെക്രട്ടറി | 11-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജയലത.എൽ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.സീനത്.കെ.ടി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രജനി പ്രിയ.പി.ജി. | വി.ഇ.ഒ സർക്കിൾ -1 | 01-04-2022 | 08-05-2022 |
| ശ്രീ.പ്രദീപ്.സി. | വി.ഇ.ഒ സർക്കിൾ -1 | 09-05-2022 | 20-05-2022 |
| ശ്രീമതി.രജനി പ്രിയ.പി.ജി. | വി.ഇ.ഒ സർക്കിൾ -1 | 21-05-2022 | 24-09-2022 |
| ശ്രീമതി.സുരേഖ.എൻ.കെ. | വി.ഇ.ഒ സർക്കിൾ -1 | 25-09-2022 | 28-09-2022 |
| ശ്രീ.അമൽ.എസ്.ആർ. | വി.ഇ.ഒ സർക്കിൾ -1 | 29-09-2022 | 31-03-2023 |
| ശ്രീമതി.രജനി പ്രിയ.പി.ജി. | വി.ഇ.ഒ സർക്കിൾ -2 ചാർജ് | 01-04-2022 | 08-06-2022 |
| ശ്രീമതി.സുരേഖ.എൻ.കെ. | വി.ഇ.ഒ സർക്കിൾ -2 | 09-06-2022 | 27-09-2022 |
| ശ്രീ.അബ്ദുൾ ലതീഫ്.കെ. | വി.ഇ.ഒ സർക്കിൾ -2 | 28-09-2022 | 31-10-2022 |
| ശ്രീ.അമൽ.എസ്.ആർ. | വി.ഇ.ഒ സർക്കിൾ -2 | 01-11-2022 | 15-11-2022 |
| ശ്രീ.കണ്ണൻ.പി.കെ. | വി.ഇ.ഒ സർക്കിൾ -2 | 16-11-2022 | 26-12-2022 |
| ശ്രീ.അമൽ.എസ്.ആർ. | വി.ഇ.ഒ സർക്കിൾ -2 | 27-12-2022 | 18-01-2023 |
| ശ്രീമതി.നിഷത ബീവി.എ. | വി.ഇ.ഒ സർക്കിൾ -2 | 19-01-2023 | 31-03-2023 |
| ശ്രീമതി.വിനോദിനി.കെ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ഖലീൽ മജീദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ഡോ.സ്വപ്ന.വി.സി. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.പ്രശാന്ത്.എ.എസ്. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.കാർത്തിക.പി.ആർ. | വെറ്ററിനറി സർജൻ | 01-04-2022 | 02-09-2022 |
| ഡോ.പ്രമോദ്.എസ്. | വെറ്ററിനറി സർജൻ | 03-09-2022 | 31-03-2023 |
| ശ്രീമതി.ദീപ്തി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജിഷ.എം.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 25-07-2022 |
| ശ്രീ. അശ്വിൻ ജോസഫ് മൈക്കേൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 26-07-2022 | 31-03-2023 |
| ശ്രീമതി. സുമ.വി.എം | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ചെക്കുകൾ കാലാവധിക്കു ശേഷവും Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ഹെൽത്ത് ഗ്രാന്റിനായുള്ള ഗ്രാമപഞ്ചായത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്ക്(-118040) അക്കൗണ്ട് വാർഷികധനകാര്യപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. | 1-1-4 |
| 6 | നിഷ്ക്രിയ അക്കൗണ്ടുകൾ നിലനിൽക്കുന്നു | 1-1-5 |
| 7 | ലോൺ രജിസ്റ്റർ പൂർണ്ണമല്ല | 1-1-6 |
| 8 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾ വർഷാരംഭത്തിൽ ഡിമാന്റ് ചെയ്തിട്ടില്ല. | 1-1-7 |
| 9 | MGNREGS -മാസാന്ത്യ റികൺസിലിയേഷൻ ചെയ്തിട്ടില്ല | 1-1-8 |
| 10 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -വ്യത്യാസം ക്രമീകരിച്ചിട്ടില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തികവിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തൊഴിൽനികുതിരേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-11 |
| 21 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-11-1 |
| 22 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ് | 1-11-2 |
| 23 | വസ്തുനികുതി പരിഷ്കരണം -അവലോകനം | 1-12 |
| 24 | പുതുതായി അനുവദിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തി കാണുന്നില്ല | 1-13 |
| 25 | ഹോമിയോ - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-14 |
| 26 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - മുഴുവൻ കാലയളവിലും ആനുകൂല്യം നൽകിയില്ല | 1-15 |
| 27 | കോക്ലിയർ ഇംപ്ലാന്റേഷൻ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-16 |
| 28 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 29 | പച്ചക്കറിത്തൈ വിതരണം - വിതരണരേഖകൾ ഹാജരാക്കിയില്ല | 1-18 |
| 30 | നെൽവിത്ത് വിതരണം - വിതരണ രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 31 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം - തുടർനിരീക്ഷണം നടത്തേണ്ടതാണ്. | 1-20 |
| 32 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-21 |
| 33 | വീട് വാസയോഗ്യമാക്കൽ - ജനറൽ - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-22 |
| 34 | വീട് വാസയോഗ്യമാക്കൽ - എസ്.സി.പി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-23 |
| 35 | ചെലവുരേഖകൾ ഹാജരാക്കിയില്ല | 1-24 |
| 36 | മുഴുവൻ ചെലവുരേഖകളും ഹാജരാക്കിയില്ല – ചെലവുതുക തടസ്സപ്പെടുത്തുന്നു | 1-25 |
| 37 | കെ. എസ്. ഇ.ബി യ്ക്ക് തുക നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 38 | സംയുക്ത പ്രോജക്റ്റുകൾക്ക് തുക നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-27 |

| | | |
|---|---|---|
| 39 | എസ് സി വൃദ്ധർക്ക് കട്ടിൽ– വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-28 |
| 40 | ജി.എസ്.ടി ബാധകമല്ലാത്ത സേവനത്തിന് ജി.എസ്.ടി തുക അനുവദിച്ചു | 1-29 |
| 41 | പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി | 1-30 |
| 42 | മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-31 |
| 43 | ടേക്ക് എ-ബ്രേക് പദ്ധതി - പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-32 |
| 44 | ഗ്രാമ കേന്ദ്രങ്ങളുടെ നിർമ്മാണം- കരാർ പ്രകാരമുള്ള മുഴുവൻ പ്രവർത്തിയും പൂർത്തിയാക്കിയില്ല | 1-33 |
| 45 | മരാമത്ത് പ്രവൃത്തികൾ– പൊതു അപാകതകൾ | 1-34 |
| 46 | ഒ.ഡി. എഫ് ഗ്യാപ്പ് ഫില്ലിങ്ങ് - ടോയ് ലറ്റ് നിർമ്മാണം പൂർത്തീകരിച്ചില്ല | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തികൾകായി തുക നല്കിയത് | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 6(1)/30-6-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12-7-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: 23-12-2023

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ചെക്കുകൾ കാലാവധിക്കു ശേഷവും Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല**

എ.) 31-3-2023 ലെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം തിരുമിറ്റക്കോട് സർവ്വീസ് സഹകരണ ബാങ്കി(-0136) ന്റെ താഴെപ്പറയുന്ന ചെക്കുകൾ മൂന്നു മാസക്കാലാവധിക്കു ശേഷവും Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

| വൗച്ചർ നം. | ഇൻസ്ട്രുമെന്റ് ഡേറ്റ് | തുക |
|---|---|---|
| 22001147 | 19-3-2021 | 1000 |
| 22100212 | 17-6-2021 | 400 |
| 22000618 | 5-11-2020 | 1500 |
| 22000941 | 29-01-2021 | 1500 |
| 22000939 | 29-01-2021 | 1000 |
| 22001146 | 19-03-2021 | 1000 |
| 22000445 | 09-09-2020 | 1000 |
| 22000444 | 09-09-2020 | 1000 |

ബി.) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ പട്ടാമ്പി(-3601)

| വൗച്ചർ നം. | ഇൻസ്ട്രുമെന്റ് ഡേറ്റ് | തുക |
|---|---|---|
| 22100298 | 30-6-2021 | 1355 |

**1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിലെ ആസ്തികളുടെ തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

**1-1-4 ഹെൽത്ത് ഗ്രാന്റിനായുള്ള ഗ്രാമപഞ്ചായത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്ക്(-118040) അക്കൗണ്ട് വാർഷികധനകാര്യപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.**

ഹെൽത്ത് ഗ്രാന്റിനായുള്ള ഗ്രാമപഞ്ചായത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്ക്(-118040) അക്കൗണ്ട് വാർഷികധനകാര്യപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

**1-1-5 നിഷ്ക്രിയ അക്കൗണ്ടുകൾ നിലനിൽക്കുന്നു**

എ.) സബ് ട്രഷറി , കൂറ്റനാട്(-103)

ബി.) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (-7752)

**1-1-6 ലോൺ രജിസ്റ്റർ പൂർണ്ണമല്ല**

ലോൺ രജിസ്റ്റർ പൂർണ്ണമല്ല - മുന്നിരിപ്പ്, വരവ്, തിരിച്ചടക്കാൻ ബാക്കിയുള്ള തുക എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾ വർഷാരംഭത്തിൽ ഡിമാന്റ് ചെയ്തിട്ടില്ല.**

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾ വർഷാരംഭത്തിൽ ഡിമാന്റ് ചെയ്തിട്ടില്ല. ഉദാ- വസ്തു നികതി

**1-1-8 MGNREGS -മാസാന്ത്യ റികൺസിലിയേഷൻ ചെയ്തിട്ടില്ല**

MGNREGS – ക്യാഷ്ബുക്ക്- മാസാന്ത്യ റികൺസിലിയേഷൻ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

**1-1-9 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -വ്യത്യാസം ക്രമീകരിച്ചിട്ടില്ല.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash

Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 17081673 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)6137370 രൂപയാണ്. അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ആയത് പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

8-3-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1/1 പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

27-02-2023 ലെ തീരുമാനം നം. 28/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 16874101 |
| തൻവർഷം വരവ് | 265964665 |
| ആകെ വരവ് | 282838766 |
| ചെലവ് | 272665000 |
| നീക്കിയിരിപ്പ് | 10173766 |

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42111311 |
| വരവ് | 57679041 |
| ആകെ | 99790352 |
| ചെലവ് | 40597368 |
| നീക്കിയിരിപ്പ് | 59192984 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 23922000 | 23922000 | 22005535 | 1916465 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 11149000 | 11149000 | 9978571 | 1170429 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 5478000 | 5478000 | 756321 | 4721679 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 5668000 | 5668000 | 4612730 | 1055270 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied ) | 4686904 | 6101000 | 10787904 | 2592166* | 8195738 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied ) സ്പിൽ ഓവർ | 0 | 4109474 | 4109474 | 4109474 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied ) | 305160 | 4326947 | 4632107 | 1837215 | 2794892 ** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied ) സ്പിൽ ഓവർ | 0 | 362701 | 362701 | 362701 | 0 |

*നോട്ട്- Tied Spill Over തുകയിൽ നിന്നുള്ള 1695720 രൂപയുടെ ചെലവ് B3യിലെ Tied Expenses ഉൾപ്പെടുത്തിയിട്ടുണ്ട്. തൻവർഷത്തെ Tied Fund ചെലവ് മാത്രം ചേർത്തതിനാലാണ് വ്യത്യാസം കാണുന്നത്.
**Untied ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ്, ചെലവ് വിവരം ഉൾപ്പെടുത്തിയാണ് നീക്കി ബാക്കിയായ 2794892 എത്തിച്ചേർന്നത്. എന്നാൽ B4 പ്രകാരം നീക്കി ബാക്കി 3044063 രൂപയാണ്. വ്യത്യാസം വിശദമാക്കേണ്ടതാണ്.

**കേന്ദ്രാവിഷ്കൃതം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) | 0 | 171510 | 171510 | 168974 | 2,536 |
| ഹെൽത്ത് ഗ്രാന്റ്(Wellness Centres) | 0 | 318353 | 318353 | 308611 | 9,742 |
| ICDS | 760643 | 1558088 | 2318731 | 893001 | 1,425,730 |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| ലൈഫ് ഭവനം | 909646 | 500000 | 1409646 | 1391324 | 18322 |

| | | | | | |
|---|---|---|---|---|---|
| -സംസ്ഥാന വിഹിതം | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 2771211 | 0 | 2771211 | 1153210 | 1,618,001 |

**തൊഴിലുറപ്പ് പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 20 | 1543756 | 1543776 | 1537091 | 6685 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 25331680 | 25331680 | 25331680 | 0 |
| ആകെ | 20 | 26875436 | 26875456 | 26868771 | 6685 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 272 | 144884390 | 182 | 58539961 | 0 | 104 | 66.91 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 182 എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 40.40 % തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 8239230 | 7714488 | 93.63 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 2034500 | 1733041 | 85.18 |
| മെഡിക്കൽ ഓഫീസർ-PHC | 12 | 12 | 2972933 | 2826450 | 95.07 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 5 | 1125000 | 1112310 | 98.87 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 245000 | 244631 | 99.84 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ -1 | 27 | 20 | 58248677 | 9364798 | 16.07 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 11 | 6378027 | 6170092 | 96.73 |
| സെക്രട്ടറി | 37 | 24 | 16663657 | 9391864 | 56.36 |
| അസി.സെക്രട്ടറി | 16 | 15 | 5318098 | 3927102 | 73.84 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 141 | 62 | 42264268 | 14778555 | 34.96 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 200000 | 100000 | 50 |
| ഹെഡ്മാസ്റ്റർ | 5 | 5 | 1195000 | 1176630 | 98.46 |
| ആകെ | 272 | 182 | 144884390 | 58539961 | 40.40 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 20 | 1543756 | 1543776 | 1537091 | 6685 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 25331680 | 25331680 | 25331680 | 0 |
| ആകെ | 20 | 26875436 | 26875456 | 26868771 | 6685 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള I6 + B3 തുകയും I 14(C)+ I 14(F) തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2032800 | 162 |
| 2 | വിധവാ പെൻഷൻ | 17005000 | 1540 |
| 3 | വാർദ്ധക്യകാല പെൻഷൻ | 34521600 | 3284 |
| 4 | വികലാംഗ പെൻഷൻ | 4681000 | 425 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1893800 | 164 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-11-2023 തീയതിയിൽ 2.45 P.m. ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9123 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ഉദ്യോഗസ്ഥർക്ക് ചുമതലകൾ നൽകിയിട്ടുണ്ട്.ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല. ലോൺ രജിസറ്ററിൽ പൂർണ്ണ വിവരങ്ങൾ ചേർത്തിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. വികസന ഫണ്ടുകൾ നഷ്ടമാകാതിരിക്കാൻ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളിൽ പി.ഡബ്ല്യൂ.ഡി. മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് നിർവഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താവിന്റെ മരണ ശേഷവും നൽകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2004-05മുതൽ 2008-09രെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല

പെർഫോമൻസ് ഓഡിറ്റ് ഡിസംബർ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാനില്ല

## 1-11 തൊഴിൽനികുതിരേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

തിരുമിറ്റക്കോട് പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### 1-11-1 സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലെ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | തിരുമിറ്റക്കോട് സർവ്വീസ് സഹകരണ ബാങ്ക് | 2 |
| 2 | കേരള ഗ്രാമീണ ബാങ്ക്,ആറങ്ങോട്ടുകര | 1 |
| 3 | സ്റ്റെറിമെഡ് ഇൻക് | 1&2 |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമി.,ആറങ്ങോട്ടുകര | 1&2 |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമി.,കറുകപുത്തൂർ | 2 |
| 6 | പഞ്ചാബ് നാഷനൽ ബാങ്ക്,കറുകപുത്തൂർ | 1 |
| 7 | ഫെഡറൽ ബാങ്ക്, കറുകപുത്തൂർ | 1 |
| 8 | പി പി ഹയർ പർച്ചേസ് പ്രൈ.ലിമി. | 1&2 |
| 9 | വാരിയേഴ്സ് സ്പൈസസ് | 1&2 |
| 10 | കൊട്ടാരം റീജെൻസി | 1&2 |
| 11 | റീലയൻസ് റീറ്റെയ്ൽ ലിമി. | 1&2 |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കിയതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായി, മേൽ സ്ഥാപനങ്ങളിൽനിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണം.2/14-11-2023). സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11-2 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂൾ ജീവനക്കാരിയായ സുഹറ എന്നവരുടെ ഒന്നാം അർദ്ധവർഷതൊഴിൽനികുതി ഡിമാന്റ് ചെയ്ത് അടവാക്കിയിട്ടില്ല. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവയിൽ ടി വ്യക്തിയുടെ പേര് എഴുതിയിട്ടുണ്ടെങ്കിലും അർദ്ധവാർഷികവരുമാനം, അടിസ്ഥാനശമ്പളം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല .
ടി ജീവനക്കാരിയുടെ തൊഴിൽനികുതി സംബന്ധിച്ച വിശദാംശങ്ങൾ ഡിമാന്റ് രജിസ്റ്റർ, റിട്ടേൺ എന്നിവയിൽ രേഖപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായി, തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് ബോധിപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം.2/14-11-2023).

## 1-12 വസ്തുനികുതി പരിഷ്കരണം -അവലോകനം

22.03.2023 ലെ സ.ഉ(കൈ)നം.77/2023/LSGD പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ ഇപ്രകാരമാണ്. മേൽ വിഷയം പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്യുകയും 25-4-2023 ലെ 2(3) നം. തീരുമാനപ്രകാരം കരട് വസ്തുനികുതി പരിഷ്കരണവിജ്ഞാപനം പ്രസിദ്ധീകരിക്കുകയും വിവരശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഇതേ തിയതിയിലെ 2(2) തീരുമാനപ്രകാരം അനുമതി നല്കുകയും ചെയ്തിട്ടുണ്ട്. ആക്ഷേപങ്ങൾ ലഭിക്കാത്തതിനാൽ അന്തിമവിജ്ഞാപനം 19-6-2023 തിയതിയിലെ 29(3), 29(1), 29(2)

തീരുമാനപ്രകാരം പ്രസിദ്ധീകരിക്കാൻ അനുമതി നല്കിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി ആയത് പ്രകാരമുള്ള നികുതി ഈടാക്കി വരുന്നതായും മറുപടിയിൽ അധികൃതർ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങളോട് ചേർന്ന് കൂട്ടിചേർക്കൽ 9B ഫോറം നിലവിൽ 303 എണ്ണം ലഭിച്ചിട്ടുണ്ട്.

05.04.2023 ലെ സ.ഉ(അച്ചടി)നം.25/2023/LSGD നമ്പറായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 479/2023 വിജ്ഞാപന പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും (01.04.2023) സർക്കാർ നിശ്ചയിച്ചിരുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ മേൽ വിജ്ഞാപന പ്രകാരം തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ കാലികമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിച്ചിട്ടുണ്ടെങ്കിൽ, തുടർ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് നൽകേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, സാമ്പത്തികമായി പിന്നോക്കം നില്കുന്ന ജനവിഭാഗങ്ങൾ ഉൾപ്പെടുന്ന പ്രദേശമായതിനാൽ നിലവിൽ സേവനഉപനികുതിയുടെ സാധ്യത പരിശോധിച്ചിട്ടില്ല എന്നാണ് അധികൃതർ അറിയിച്ചിട്ടുള്ളത്. (ഓഡിറ്റ് അന്വേഷണം - നം.11/17-11-2023).

സർക്കാർ നിർദ്ദേശ പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**1-13 പുതുതായി അനുവദിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തി കാണുന്നില്ല**

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 457 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ, പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | കെട്ടിടംനം./സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|
| 1 | 5/668 - യുനീക്ക് പവർ ടൂൾസ് | 500 |
| 2 | 5/45 -ലക്ഷമി ടുവീലർ വർക്ക് ഷോപ്പ് | 500 |
| 3 | 5/477- പെർവെക്ട് ട്രേഡേഴ്സ് | 500 |
| 4 | 5/14-സിറ്റി ബേക്കറി | 500 |
| 5 | 5/666-ആദിത്യൻ സ്റ്റോഴ്സ് | 500 |
| 6 | 4/152-ബ്യൂട്ടി സ്പോർട്ട് | 500 |
| 7 | 17/197- ഹരിത ഫാർമസ്യൂട്ടിക്കൽസ് | 500 |
| 8 | 13/32-ഇ.പി.എം. ബ്രദേഴ്സ് | 500 |

മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് എത്രയെന്ന് തീരുമാനിക്കേണ്ടത് എന്നിരിക്കേ ഗ്രാമപഞ്ചായത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലൈസൻസിനായുള്ള അപേക്ഷകളിൽ അവ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ (17/17-11-2023)ത്തിന് മറുപടിയായി, നിലവിൽ സ്വീകരിക്കുന്ന അപേക്ഷകളിൽ മൂലധനനിക്ഷേപം

രേഖപ്പെടുത്തിയാണ് സ്വീകരിക്കുന്നത് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. ലൈസൻസിനായുള്ള അപേക്ഷകളിൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്ന എന്നുറപ്പാക്കേണ്ടതും ആയതിനനുസൃതമായി ഫീസ് ചട്ടപ്രകാരം ഈടാക്കേണ്ടതുമാണ്.

**1-14 ഹോമിയോ - മരുന്നുകൾ ലഭ്യമായിട്ടില്ല**

2022-2023 സാമ്പത്തിക വർഷത്തിൽ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങിയതിന്റെ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

2/23 നമ്പർ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഫണ്ട് (റോഡിതരം) ൽ നിന്നും 1,00,000/- രൂപയും വികസനഫണ്ട് സാധാരണവിഹിതത്തിൽനിന്നും 100000 രൂപയും (ആകെ അടങ്കൽ - 200000 രൂപ) അനുവദിച്ചിരുന്നു. മരുന്ന ലഭിക്കുന്നതിയായി പൊതുമേഖല സ്ഥാപനമായ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ഹോംകോ), ആലപ്പുഴയ്ക്ക് 200000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

| ബിൽ നമ്പർ | തീയതി | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 02/22-23 | 12-1-2023 | 34306403911 | 100000/- |
| 03/22-23 | 30-1-2023 | 34306403911 | 100000/- |

86533 രൂപയുടെ മരുന്നുകളാണ് ഇൻവോയ്സ് നം. LF-1124 പ്രകാരം നാളിതുവരെയായി 23-8-2023 തിയതിയിൽ ഹോമിയോ ആശുപത്രിക്ക് ലഭിച്ചിരിക്കുന്നത്. ബാക്കി 113467 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.10/17-11-2023 നല്കുകയുണ്ടായതിന്, 27-9-2023 തിയതിയിൽ മരുന്ന വേഗം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് ഹോംകോയ്ക്ക് കത്ത് നല്കിയിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-15 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - മുഴുവൻ കാലയളവിലും ആനുകൂല്യം നൽകിയില്ല**

പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിനായി 2022-23 വർഷത്തിൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിലുള്ള എഴുമങ്ങാട്, ചാത്തന്നൂർ, ചാഴിയാട്ടിരി, പെരിങ്ങോട് എന്നീ ക്ഷീരസംഘങ്ങളിൽ 2022 ഏപ്രിൽ മുതൽ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരാമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ക്ഷീരകർഷകർക്ക് പ്രസ്തുത കാലയളവിലെ എല്ലാ മാസങ്ങളിലും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ ക്ഷീര സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം പല മാസങ്ങളിലും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ നമ്പരും പേരും | അടങ്കൽ/ ഫണ്ടിനം | ചെലവ് | ബിൽ നമ്പർ/തീയതി | സബ്സിഡി അനുവദിച്ച കാലയളവ് |
|---|---|---|---|---|
| 164, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 ( വികസനഫണ്ട് - ജനറൽ ) | 100000 ( വികസനഫണ്ട് - ജനറൽ) | 1/23.02.23- 74325<br>2/16.03.23 - 25675 | ഏപ്രിൽ, മെയ്, മാസങ്ങൾ |

ഗുണഭോക്താക്കൾക്ക് മുഴുവൻ കാലയളവിലും ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -4/15.11.23) തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ തുക വകയിരുത്തുന്നതിന്റെ ആവശ്യകത ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും ജില്ലാപപഞ്ചായത്ത് വിഹിതം ലഭിക്കുന്നതിനായി ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

വരും വർഷങ്ങളിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും ശരാശരി അളക്കുന്ന പാലിന്റെ അളവും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-16 കോക്ളിയർ ഇംപ്ളാന്റേഷൻ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നമ്പർ, പേര് | 269, കോക്ളിയർ ഇംപ്ളാന്റേഷൻ |
| അടങ്കൽ തുക | 50000 ( വികസനഫണ്ട് - ജനറൽ ) |
| ചെലവ് തുക | 50000 |
| ബിൽ നമ്പർ / തിയതി | 28/27.02.23 |

ഗ്രാമപഞ്ചായത്തിലെ കോക്ളിയർ ഇംപ്ളാന്റേഷൻ ചെയ്ത കുട്ടികൾക്ക് ആയത് പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി ധനസഹായം അനുവദിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ മേൽ പരാമർശിച്ച പദ്ധതി പ്രകാരം താഴെ പറയുന്ന കുട്ടിയുടെ ചികിത്സ നടത്തുന്നതിനായി തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് ( നം - 70101400000134) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

1)മുഹമ്മദ് ഷഹ്സിൽ, കുന്നത്ത് ഹൗസ്, ചാത്തന്നൂർ, കറുകപുത്തൂർ, പാലക്കാട്

ചികിത്സാപദ്ധതി പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-5/15.11.23)പദ്ധതി തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

ചികിത്സാപദ്ധതി പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതും തുക വിനിയോഗിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

### 1-17 വയോജനങ്ങൾക്ക് കട്ടിൽ വിതരണം പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം | 141, |
| പ്രൊജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| അടങ്കൽ | 424977 ( വികസനഫണ്ട് – ജനറൽ) |
| ചെലവ് | 424977 |
| ബിൽ/ നം, തീയതി | 23/15.02.23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

60 വയസ്സ് പൂർത്തിയായ വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച മേൽ പദ്ധതി പ്രകാരം ആർട്കോയിൽ നിന്നും 100 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1). ജി.ഒ(സാധാ)നം.1/2021/എസ്.പി.ഡി.തിയതി.05/01/2021 ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ, പ്രസ്തുത സാധനങ്ങൾ ആർട്ട്കോയിൽ നിർമ്മിക്കുന്നതാണെന്നും പുറമെ നിന്ന് വാങ്ങിയിട്ടില്ലാത്തതുമാണ് എന്ന് മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആർട്ട്കോവിന് നേരിട്ട് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള സ.ഉ(സാധാ)നം.04/2018/എസ്.പി.ഡി, തിയതി.02.02.2018 പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത കട്ടിലുകളാണ് ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

2). ജി.ഒ(പി)നം.7/19/SPD തി.26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) പോർട്ടലിൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങണമെന്നത് നിർബന്ധമാക്കുകയും സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഭേദഗതിവരുത്തുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാതിരുന്നാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കട്ടിൽ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചതായി കാണുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -15/17.11.23) മറുപടി ലഭ്യമായിട്ടില്ല.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-18 പച്ചക്കറിത്തൈ വിതരണം - വിതരണരേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| പ്രൊജക്റ്റ് നം | 119 |
| പ്രൊജക്റ്റിന്റെ പേര് | പച്ചക്കറിത്തൈ വിതരണം |
| അടങ്കൽ | 101250 (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 101250 |
| ബിൽ സാങ്ക്ഷൻ ഓർഡർ/ നം, തീയതി | 217/17.01.23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം NILA A GRADE VEGETABLE CLUSTER - ANAKKARA യിൽ നിന്നും ഇൻവോയ്സ് നമ്പർ -422/27.12.22 പ്രകാരം Vegetable Seedlings (മുളക്, വഴുതന, വെണ്ട, തക്കാളി ) 10125 എണ്ണം വീതം ആകെ 40500 എണ്ണം വാങ്ങിയിട്ടുണ്ട് . വിതരണരജിസ്റ്റർ പ്രകാരം Vegetable Seedlings കൾ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, വാർഡ് മെമ്പർമാർ എന്നിവർ കൈപ്പറ്റിയിട്ടുണ്ട്. ആയത് കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

വിതരണ രേഖകൾ പരിശോധനക്കായി ഹാജരാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-6/15.11.23) മറുപടി ലഭ്യമായിട്ടില്ല. വിതരണരേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക 101250 രൂപ തടസ്സപ്പെടുത്തുന്നു.

Seedlings വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-19 നെൽവിത്ത് വിതരണം - വിതരണ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 118 |
| പ്രൊജക്റ്റിന്റെ പേര് | നെൽവിത്ത് വിതരണം |
| അടങ്കൽ | (2296980 ( വികസനഫണ്ട് ജനറൽ -1709280 + മറ്റുള്ളവ - 587700) |
| ചെലവ് | 2296980 ( വികസനഫണ്ട് ജനറൽ - 1709280 + മറ്റുള്ളവ - 587700) |
| ബിൽ/ സാങ്ക്ഷൻ ഓർഡർ നം, തീയതി | 71/03.09.22 – 1057860<br>83/28.09.22 – 651420<br>422/23.03.23 – 301200<br>423/23.03.23 - 286500 |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാനിക്കര യിൽ നിന്നും ഇൻവോയേസ് നമ്പർ STU/RF/85/2022-23/19.07.22 പ്രകാരം 7530 Kg ഉമ നെൽവിത്തും 31650kg പൊൻമണി നെൽവിത്തും, കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി, ചെമ്പൂക്കാവ് ൽ നിന്നും ബിൽ നമ്പർ 66/22-23 / 27.04.22 പ്രകാരം 15510 Kg ജ്യോതി നെൽവിത്തും വാങ്ങിയിട്ടുണ്ട് . ആയത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. വിതരണരജിസ്റ്റർ പ്രകാരം നെൽവിത്തുകൾ വിവിധ പാടശേഖരസമിതി സെക്രട്ടറിമാർ കൈപ്പറ്റിയിട്ടുണ്ട്. വിത്തുകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം- 7/15.11.23) മറുപടി ലഭ്യമായിട്ടില്ല.

വിതരണ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-20 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം - തുടർനിരീക്ഷണം നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി കെൽട്രോൺ മുഖേന സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനായി 22-23 വർഷത്തിൽ പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം./ പേര് | 295/23, സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം |
| അടങ്കൽ | 204900 (തനതുഫണ്ട് - ജനറൽ ) |
| ചെലവ് | 204900 |
| വൗച്ചർ നമ്പർ / തീയതി | 22201004/15.03.23 |

പദ്ധതി നടപ്പിലാക്കുന്നതിനായി 19.01.23 ലെ SC1-8822/23നമ്പർ കത്ത് പ്രകാരം കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. തുടർന്ന് കെൽട്രോണും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ശുചിത്വമിഷനും തമ്മിൽ ത്രികക്ഷി കരാർ ചമച്ചിട്ടുണ്ട്.
മേൽ സൂചിപ്പിച്ച വൗച്ചർ നമ്പർ പ്രകാരം കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് ( നം - 330100210016241) 204900 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ക്യൂ.ആർ കോഡ് പ്രിന്റിങ്ങ് ചാർജ്, ലാപ്പ്ടോപ്പ് തുക, എസ്.എം.എസ് ചാർജ്, സർവ്വീസ് ചാർജ് എന്നീ ഇനങ്ങളുടെ ചെലവിനായാണ് തുക നല്കിയിട്ടുള്ളത്. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പിന്റെ പ്രവർത്തനപുരോഗതി അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-20/18.11.23) ഗ്രാമപഞ്ചായത്ത് അധികൃതർ താഴെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

1).പദ്ധതിയുടെ ആവശ്യത്തിനുള്ള ലാപ്പ്ടോപ്പ് ലഭ്യമായിട്ടുണ്ട് . ആയത് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുകയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെ 9457 കെട്ടിടങ്ങളിൽ ക്യൂ. ആർ കോഡ് പതിച്ചിട്ടുണ്ട്. .

2).ഹരിതകർമ്മസേനക്ക് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പിന്റെ പ്രവർത്തനത്തിനായി പരിശീലനം ലഭ്യമാക്കിയിട്ടുണ്ട് . നിലവിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട് . യൂസർഫീ കളക്ഷനിൽ പുരോഗതി കൈവന്നിട്ടുണ്ട്.

സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-21 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

വി ഇ ഒ നടപ്പാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ പുരോഗതി പരിശോധിച്ചു. 2022-23 വർഷത്തിൽ ഭവന നിർമ്മാണത്തിനായി പുതിയതും സ്പിൽ ഓവറും ഉൾപ്പടെ 5 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം | പ്രൊജക്ട് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 53, ലൈഫ് സമ്പൂർണ്ണ പാർപ്പിടപദ്ധതി - രണ്ടാം ഘട്ടം - സ്പിൽ ഓവർ - പൊതു വിഭാഗം | 1729389 (വികസനഫണ്ട്-ജനറൽ-279389 + ബ്ളോക്ക് പഞ്ചായത്ത് ഷെയർ - 920000 + ജില്ലാപഞ്ചായത്ത് ഷെയർ - 530000 | 40000 - വികസനഫണ്ട്-എസ്.സി.പി |
| 2 | 54, ലൈഫ് ഭവന പദ്ധതി - രണ്ടാം ഘട്ടം- സ്പിൽ ഓവർ - എസ്.സി.പി | 1994734 ( വികസനഫണ്ട്-എസ്.സി.പി - 671944 + തനതുഫണ്ട് - 110388 + ബ്ളോക്ക് പഞ്ചായത്ത് | 454734 - വികസനഫണ്ട്-എസ്.സി.പി |

| | | | |
|---|---|---|---|
| | | ഷെയർ – 365022 + ജില്ലാപഞ്ചായത്ത് ഷെയർ – 847380 | |
| 3 | 313, ലൈഫ് ഭവന പദ്ധതി -22-23 -NEW - പൊതു വിഭാഗം | 29600000 ( വികസനഫണ്ട്-ജനറൽ - 3200000 + സംസ്ഥാനാവിവിഷ്ടതഫണ്ട് - 7400000 + ബ്ളോക്ക് പഞ്ചായത്ത് ഷെയർ - 1360000 + ജില്ലാപഞ്ചായത്ത് ഷെയർ – 1360000 + മറ്റുള്ളവ –16280000) | 560000 - വികസനഫണ്ട്-ജനറൽ |
| 4 | 170, ലൈഫ് ഭവന പദ്ധതി - എസ്.സി-അഡീഷണൽ ലിസ്ററിലുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം - | 10000000 (വികസനഫണ്ട്-എസ്.സി.പി- 2000000 + - സംസ്ഥാനാവിവിഷ്ടതഫണ്ട്-2500000 + ബ്ളോക്ക് പഞ്ചായത്ത് ഷെയർ – 1870000 + ജില്ലാപഞ്ചായത്ത് ഷെയർ -1870000 + മറ്റുള്ളവ – 1760000) | 2500000 ( വികസനഫണ്ട്-എസ്.സി.പി - 1952572 + സംസ്ഥാനാവിവിഷ്ടതഫണ്ട് - 547428) |
| 5 | 59, ലൈഫ് ഭവന പദ്ധതി - എസ്.സി ഡിപ്പാർട്ട്മെന്റ് അഡീഷണൽ ലിസ്ററ് | 4163294 ( സംസ്ഥാനാവിവിഷ്ടതഫണ്ട് - 2305250 + ബ്ളോക്ക് പഞ്ചായത്ത് ഷെയർ - 1858044) | 2099500 ( സംസ്ഥാനാവിവിഷ്ടതഫണ്ട് - 839500 + ജില്ലാപഞ്ചായത്ത് ഷെയർ – 1260000) |

പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2022-23 ൽ കരാറിലേർപ്പെട്ടവരുടെ ഭവന നിർമ്മാണം പുരോഗമിക്കുന്നതായും മുൻവർഷങ്ങളിൽ കരാറിലേർപ്പെട്ട ഗുണഭോക്താക്കളിൽ ചിലർ ധനസഹായം കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്നും കണ്ടെത്തി. നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | നല്കാനുള്ള തുക |
|---|---|---|---|
| 1. | കവിത ശ്രീകുമാർ, തൊലുക്കാട്ടിൻമേൽ, ചാത്തന്നൂർ | 360000 | 40000 |
| 2 | ചന്ദ്രകല.എം.സി, വലിയപുരക്കൽ | 40000 | 360000 |
| 3 | ഓമല, പൊറ്റേക്കാട്ടുപടി, അകിലാണം, ചാഴിയാട്ടിരി | 300000 | 100000 |
| 4 | ദേവയാനി, | 300000 | 100000 |

| | | | |
|---|---|---|---|
| | കണിയാട്ടിൽപ്പടി, ചാത്തന്നൂർ | | |
| 5 | സുബ്രഹ്മണ്യൻ, പടിഞ്ഞാറേപുരക്കൽ, അകിലാണം, ചാഴിയാട്ടിരി | 360000 | 40000 |
| 6 | ശ്രുതിസുനിൽ, വലിയവീട്ടുവളപ്പിൽപ്പടി, തിരുമിറ്റക്കോട് | 360300 | 39700 |
| 7 | അശോകൻ, പഴവപ്പടി, തിരുമിറ്റക്കോട് | 300000 | 100000 |
| 8 | രാജൻ, എള്ളാട്ടുവളപ്പിൽപ്പടി, ചാഴിയാട്ടിരി | 360000 | 40000 |
| 9 | പ്രജിതഹരിദാസൻ, എള്ളാട്ടുവളപ്പിൽപ്പടി | 360000 | 40000 |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-21/20.11.23) ഗുണഭോക്താക്കൾ ഭവനപദ്ധതിയുടെ നടപടികൾ പൂർത്തിയാക്കുന്ന മുറക്ക് മുഴുവൻ തുകയും നൽകുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി.

**ഓഡിറ്റ് നിർദ്ദേശം**

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

**1-22 വീട് വാസയോഗ്യമാക്കൽ - ജനറൽ - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല**

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 133, വീട് വാസയോഗ്യമാക്കൽ - ജനറൽ |
| അടങ്കൽ തുക | 1050000( വികസനഫണ്ട് - ജനറൽ ) |
| ചെലവ് തുക | 975000 |
| ബിൽ നമ്പർ / തിയതി | 13/20.12.22 – 437500<br>23/17.03.23 – 137500<br>33/28.03.23 – 50000<br>20/08.02.23 – 100000<br>18/24.01.23 – 75000<br>17/19.01.23 – 137500<br>22/23.02.23 - 37500 |

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതിയിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പദ്ധതിക്കുള്ള ധനസഹായമായ 25000 രൂപയിൽ 12500 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ

താഴെചേർക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഇബ്രാഹിംകുട്ടി, കളത്തുംപടിക്കൽ | 12500 |
| 2 | പാറുക്കുട്ടി, ചെട്ടിയാരത്ത് ഹൗസ്, പെരിങ്ങോട് | 12500 |
| 3 | ഇന്ദിര, കോഴിയറയിൽ ഹൗസ്, ചാഴിയാട്ടിരി | 12500 |
| 4 | യശോദ, അടിയത്ത് ഹൗസ്, ചാത്തന്നൂർ | 12500 |

ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-22/20.11.23) ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്നും പൂർത്തിയാക്കുന്ന മുറക്ക് മുഴുവൻ തുക അനുവദിക്കുന്നതാണ് എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

**ഓഡിറ്റ് നിർദ്ദേശം**

ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

**1-23 വീട് വാസയോഗ്യമാക്കൽ - എസ്.സി.പി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല**

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 134, വീട് വാസയോഗ്യമാക്കൽ - എസ്.സി.പി |
| അടങ്കൽ തുക | 540000( വികസനഫണ്ട് - എസ്.സി.പി ) |
| ചെലവ് തുക | 525000 |
| ബിൽ നമ്പർ / തിയതി | 12/24.12.22 – 270000<br>15/17.01.23 – 45000<br>19/21.01.23 - 30000<br>21/08.02.23 – 75000<br>24/17.03.23 – 45000<br>26/28.03.23 – 45000<br>32/28.03.23 - 15000 |

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതിയിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പദ്ധതിക്കുള്ള ധനസഹായമായ 30000 രൂപയിൽ 15000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക |
|---|---|---|

| | | |
|---|---|---|
| 1 | അമ്മിണി.കെ.പി, കളരിക്കൽ പറമ്പിൽ ഹൗസ്, ആറങ്ങോട്ടുകര, എഴുമങ്ങാട്. | 15000 |

ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-23/20.11.23) ഗുണഭോക്താവ് പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്നും പൂർത്തിയാക്കുന്ന മുറക്ക് മുഴുവൻ തുക അനുവദിക്കുന്നതാണ് എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

**ഓഡിറ്റ് നിർദ്ദേശം**

ശ്രീമതി. അമ്മിണി.കെ.പി, വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

## 1-24 ചെലവുരേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ - പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം- 27/21.11.23)

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | പി.എച്ച്.സിയിലേക്ക് ഇൻസിനേറ്റർ - സ്റ്റിൽ ഓവർ |
| അടങ്കൽ | 45000 (മെയിന്റനൻസ് ഗ്രാന്റ് - നോണ് റോഡ് ) |
| ചെലവ് | 43117 |
| ബിൽ റഫറൻസ് നം/തീയതി | 22210752017100161824/03.06.22 |

ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവു തുക 43117/- രൂപ തടസ്സപ്പെടുത്തുന്നു. ആയത് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-25 മുഴുവൻ ചെലവുരേഖകളും ഹാജരാക്കിയില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 163, സമഗ്ര ആരോഗ്യപരിപാടി - ആർദ്രം പദ്ധതി - |
| അടങ്കൽ | 75000 വികസനഫണ്ട് - ജനറൽ |
| ചെലവ് | 70600 - വികസനഫണ്ട് - ജനറൽ |
| ബിൽ സാങ്ക്ഷൻ ഓർഡർനമ്പർ | 310/22.02.23 - 10050<br>389/16.03.23 - 10650<br>154/03.12.22 - 11800<br>98/15.10.22 - 36700 |

ദേശീയ ആരോഗ്യപരിപാടിയുടെ ഭാഗമായി നടത്തുന്ന രോഗപ്രതിരോധ, പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനായി ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയുടെ

നിർവ്വഹണത്തിനായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് . ആയതിൽ Immunization Charge, Vehicle Charge എന്നീ ഇനങ്ങൾക്കായി ചെലവഴിച്ച 69200 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനക്കായി ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 1400 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 28/21.11.23) മറുപടി ലഭ്യമായില്ല.

മുഴുവൻ ചെലവുരേഖകളും പരിശോധനക്കായി ഹാജരാക്കാത്തതിനാൽ പരിശോധനക്കായി ഹാജരാക്കാത്ത വൗച്ചറുകളുടെ ചെലവു തുക 1400/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്കായി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 കെ. എസ്. ഇ.ബി യ്ക്ക് തുക നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2022-23ൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിലൂടെ കെ.എസ്.ഇ.ബി.യ്ക്ക് തുക നല്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ഏജൻസി |
|---|---|---|---|---|
| 1 | 192/23- വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 200000 (വികസന ഫണ്ട്- 130973+69027 തനത് ഫണ്ട് ) | 140095<br>1) 100602 21/17.3.23<br>2)39493 വൗച്ചർ നം 22200930/25.2.23 | 1) ₹.100602 രൂപ- KSEB, പെരിങ്ങോട് സെക്ഷൻ<br>2)₹.39493 KSEB, കൂട്ടുപാത സെക്ഷൻ |

22-23 വർഷത്തിൽ വിവിധ വാർഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി മേൽസൂചിപ്പിച്ച പ്രകാരം KSEB യിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിലവിലെ സ്ഥിതി/ പൂർത്തീകരണ വിവരങ്ങൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി അറിയിക്കുവാനായി എൻക്വയറി 16/17-11-2023 നല്കിയതിന് നിർവഹണ ഏജൻസി പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം അനുവദിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-27 സംയുക്ത പ്രോജക്ടുകൾക്ക് തുക നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2022-23ൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലൂടെ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്ന തുക നല്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ഏജൻസി |
|---|---|---|---|---|
| 1 | 126/23-എ ബി സി പ്രോഗ്രാം | 50000 വികസന ഫണ്ട് (ജനറൽ) | 50000 ബിൽ നം 19/10.2.23 | പാലക്കാട് ജില്ലാ പഞ്ചായത്ത് |
| 2 | 256/23-പകൽവീട് വയോപാർക്ക് സംയുക്ത പദ്ധതി | 1500000 (വികസന ഫണ്ട് (Gen.)-500000+ | 500000 (വികസന ഫണ്ട് | പാലക്കാട് ജില്ലാ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | ജില്ലാ പഞ്ചായത്ത് വിഹിതം -1000000) | (Gen.) ബിൽ നം -22/17-3-2023 | |

മേൽ സൂചിപ്പിച്ച പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതം പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിൽ നിന്നും പദ്ധതി നടത്തിപ്പിന്റെ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കണമെന്ന് എൻക്വയറി നം. 16/17-11-2023 ന നല്കിയിരുന്നു. പദ്ധതി പൂർത്തീകരണത്തിനുശേഷം നല്കിയ തുകയുടെ വിനിയോഗ വിവരങ്ങൾ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതാണ് എന്നറിയിച്ചു. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

**1-28 എസ് സി വൃദ്ധർക്ക് കട്ടിൽ- വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് | 157/23-വൃദ്ധർക്ക് കട്ടിൽ |
| അടങ്കൽ | ₹.424977<br>വികസന ഫണ്ട്-SCP |
| ചെലവ് | ₹.424977<br>ബിൽ നം 27/23-2-23- ₹.424977<br>ARTCOക്യാഷ്ബിൽ - MPM 185/9.2.2023-₹.424977<br>- 100കട്ടിലുകൾ |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |

22-23 വർഷത്തിൽ വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്ടിലൂടെ 100 കട്ടിലുകൾ ARTCOയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.
സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ G. 0. (Rt.) No. 1/2021/SPD. 5th January, 2021 നമ്പർ ഉത്തരവ് പ്രകാരം ARTCO നിർമിക്കുന്നതും മുൻപ് അംഗീകരിച്ച റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഉൾപ്പെട്ടതുമായ മരം, സ്റ്റീൽ, ആശുപത്രി ഫർണീച്ചർ എന്നിവ സർക്കാർ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങാവുന്നതാണ്. ടി ഉത്തരവിലെ ഖ-4 പ്രകാരം ഇപ്രകാരം വാങ്ങുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങുന്ന ഫർണിച്ചർ ARTCO യിൽ നിർമിച്ചതാണെന്നും പുറമേ നിന്നും വാങ്ങിയതല്ലെന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് നിർദേശമുണ്ട്. കട്ടിലുകൾ ഇത്തരത്തിൽ നിർമിച്ചതാണെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകളുടെ കാര്യത്തിൽ സ്റ്റോർ പർച്ചേസ് നിയമപ്രകാരം ടെണ്ടർ ക്ഷണിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. GeM പോർട്ടലിൽ മേൽ ഫർണീച്ചറുകൾ ഉണ്ടായിരുന്നെന്ന് പരിശോധിച്ചിട്ടുണ്ടോ എന്നത് ഫയലുകളിൽ നിന്നും വ്യക്തമല്ല .

കട്ടിലുകൾ ആർട്ട്കോയിൽ നിന്നും വാങ്ങിയതിനും സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാത്തതിനുമുള്ള കാരണം അറിയിക്കുവാനാവശ്യപ്പെട്ട് എൻക്വയറി 14/17-11-2023 നല്കിയതിന് പ്രക്യൂർമെന്റ് കമ്മിറ്റിയുടെ 21-10-2022 ലെ തീരുമാനപ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് ARTCO, KSIE എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയ സാമ്പിളുകൾ പരിശോധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ARTCO യിൽ നിന്നും വാങ്ങിയത് എന്ന് അറിയിച്ചു.
ചെറിയ തുകയ്ക്കുള്ള ഫർണീച്ചറുകൾ ലഭ്യമല്ലായിരുന്നതിനാലാണ് GeM ൽ നിന്നും കട്ടിലുകൾ വാങ്ങാതെ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ക്വട്ടഷൻ വഴി വാങ്ങിയത് എന്നും മറുപടി ലഭ്യമാക്കി. വാങ്ങിയ കട്ടിലുകൾ ARTCO യിൽ നിർമിച്ചവയാണെന്ന സാക്ഷ്യപത്രവും ലഭ്യമാക്കി.

**1-29 ജി.എസ്.ടി ബാധകമല്ലാത്ത സേവനത്തിന് ജി.എസ്.ടി തുക അനുവദിച്ചു**

പ്രോജക്ട് -294/23, എം സി എഫിലെ റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യൽ 2022- 23

അടങ്കൽ - 100000 (തനത് ഫണ്ട്)

ചെലവ് - ₹.36285

വൗച്ചർ നം. - 22200827/3-23/25-02-2023

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ എം.സി.എഫിൽ ശേഖരിച്ചിട്ടുള്ള പുനചംക്രമണ

യോഗ്യമല്ലാത്ത അജൈവ മാലിന്യം (റിജക്റ്റഡ് വേസ്റ്റ്) നീക്കം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ അജൈവ പാഴ്‌വസ്തുക്കളുടെ ശേഖരണവും സംസ്കരണവും നടപ്പാക്കുന്നത് സംബന്ധിച്ച് 8-01-2021 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് നം.37/2021 കരാറിൽ പുനചംക്രമണ യോഗ്യമല്ലാത്തതും തരംതിരിക്കാത്തതുമായ അജൈവ പാഴ്‌വസ്തുക്കൾ സംസ്കരിക്കുന്നതിനുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 3075കി.ഗ്രാം Legacy Waste നീക്കം ചെയ്തതിന് ഇൻവോയ്സ് D23/SER22-23/773 Dt. 29-12-2022 പ്രകാരം 18% ജി.എസ്.ടി ഉൾപ്പെടെ ആകെ 36285 രൂപ ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്.

2017 ലെ സി.ജി.എസ്.ടി ആക്ട്, കെ.ജി.എസ്.ടി ആക്ട് എന്നിവയിലെ സെക്ഷൻ 11(1) ലെ അധികാരം ഉപയോഗിച്ച് പുറപ്പെടുവിച്ച കേന്ദ്ര സർക്കാർ വിജ്ഞാപനം നം.12/2017- Central Tax(Rate) തി.28-06-2017, കേരള സർക്കാർ വിജ്ഞാപനം SRO No. 371/2017 തി.30-06-2017 എന്നിവ പ്രകാരം ഭരണഘടനയുടെ ആർട്ടിക്കിൾ 243 G യുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ ചുമതലകൾ നടപ്പാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന പൂർണ്ണ സേവനങ്ങളെ (Pure Services) ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. ജി.എസ്.ടി ബാധകമല്ലാത്ത സേവനത്തിന് ജി.എസ്.ടി തുകയായ 5535രൂപ കൂടി ഉൾപ്പെടെയുള്ള തുകയാണ് ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുള്ളത്.

ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയ സേവനത്തിന് ജി.എസ്.ടി തുക നൽകിയതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് എൻക്വയറി നം. 9/17-11-2023 നല്കിയതിന് ക്ളീൻ കേരള കമ്പനിയ്ക്ക് ടാക്സ് ഉൾപ്പടെയുള്ള തുക നല്കണമെന്ന നിർദേശം ഉണ്ടായിരുന്നതിനാലും, കമ്പനിയുമായുള്ള കരാറിൽ ജി എസ് ടി ഒഴിവാക്കുന്നതായി വ്യവസ്ഥ ഇല്ലാത്തതിനാലുമാണ് ഇപ്രകാരം ചെയ്തത് എന്നറിയിച്ചു.
ഇതു കൂടാതെ 2023-24ൽ ക്ളീൻ കേരള കമ്പനിയുടെ റിജക്റ്റ് വേസ്റ്റ് കൊണ്ടു പോയതിന്റെ ബില്ലുകൾ ജി.എസ്.ടി ഇല്ലാത്തവയാണ് എന്നും നിലവിൽ ജി. എസ്.ടി തുക അനുവദിക്കുന്നില്ല എന്നും അറിയിച്ചു.
ജി.എസ്.ടി ഇനത്തിൽ അധികം നല്കിയ തുക ക്ലീൻ കേരള കമ്പനിയുടെ തുടർന്നുള്ള ബില്ലുകളിൽ പേയ്മെന്റിൽ ക്രമീകരിക്കേണ്ടതാണ്.

## 1-30 പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ഡി.ബി.റ്റി റിപ്പോർട്ടുകളും 2022, 2023 വർഷങ്ങളിലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കി.

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് നല്കിയതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നതിനാൽ പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് മരണസർട്ടിഫിക്കറ്റ് നല്കിയ ശേഷവും തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്

2022ലെ മരണരജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറിയതായി ശ്രദ്ധയിൽ പെട്ട ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | മരണപ്പെട്ടതിനു ശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹ മായി കൈമാറിയ തുക |
|---|---|---|---|---|---|
| 1. | കുട്ടു കോയുണ്ണി | 108090400247 | 17-5-2022 | ജൂൺ 2022 | 1600 |

| | | | | | |
|---|---|---|---|---|---|
| 2. | ഉമ്മാവു സെയ്തമ്മദ് | 108090201209 | 14-7-2022 | ഓഗസ്റ്റ് 2022 മുതൽ ഡിസംബർ 2022 | 8000 (1600*5) |
| 3. | വേലായുധൻ. പി.പി | 108090202980 | 11-8-2022 | സെപ്റ്റംബർ 2022 മുതൽ നവംബർ 2022 | 4800 (1600*3) |
| | | | | ആകെ | 14400 |

മരണപ്പെട്ട/ അനർഹരായ ആളുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്തത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തെക്കുറിച്ച് നല്കിയ എൻക്വയറി നം.24/20-11-2023 നല്കിയതിന് മറുപടിയിൽ കൈമാറിയ അധിക തുക തിരികെ ഈടാക്കുന്നതിന് നടപടിയെടുക്കുന്നതാണ് എന്നറിയിച്ചു.

**1-31 മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 01-02-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കുന്നതിൽ കുറവ് ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്ത് തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

(1)

| | | |
|---|---|---|
| **ക്രമ നം** | **പ്രവൃത്തിയുടെ വിവരം** | **67/23 - അകിലാണം ചാത്തൻ മണ്ഡപം മുതൽ പൊന്നോറ റോഡ് മെറ്റലിംഗ് & ടാറിംഗ്(സ്പിൽ ഓവർ)** |

| | | |
|---|---|---|
| 1 | അടങ്കൽ - | 335000/- ജനറൽ-തനത് ഫണ്ട് |
| 2 | PAC- | 298888/- |
| 3 | കരാറുകാരൻ - | ശ്രീ.മനാഫ്.ഇ.വി. |
| 4 | സാങ്കേതികാനുമതി | 88492/21-22/24.10.21- 6 മാസം |
| 5 | എഗ്രിമെന്റ് നം.: | 66/AE/LID &EW/TMCD /2021-22/dt.2.12.21 |
| 6 | ബിൽ നം. | 334755/- ചെക്ക് നം.5186375/30.3.23 |
| 7 | എം.ബുക്ക് നം. | 150/22-23 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 1.6.2022 |
| 9 | പൂർത്തീകരിച്ച തീയ്യതി | 3.1.23 |
| 10 | ഈടാക്കേണ്ടത് (3%) | 8967/- |
| 11 | ഈടാക്കിയത് | 3348/- |
| 12 | കുറവ് | 5619/- |
| | **കുറിപ്പ്** * പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരൻ അപേക്ഷ നൽകുകയോ, സപ്ലിമെന്ററിഎഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. ഫൈനൽ ബില്ലിൽ നിന്നും പിഴ കുറവായിട്ടാണ് ഈടാക്കിയത്. | |

(2)

| **ക്രമ നം** | **പ്രവൃത്തിയുടെ വിവരം** | **71/23 – ഗവ.എൽ.പി.സ്കൂൾ മെയിന്റനൻസ് (സ്പിൽ ഓവർ)** |
|---|---|---|
| 1 | അടങ്കൽ - | 450000/- മെയിന്റനൻസ് ഫണ്ട്-നോൺ-റോഡ് |
| 2 | PAC- | 371224/- |
| 3 | കരാറുകാരൻ - | ശ്രീ.അജിത്കുമാർ |
| 4 | സാങ്കേതികാനുമതി | |
| 5 | എഗ്രിമെന്റ് നം.: | 100/AE/LID &EW/TMCD /2021-22/dt.29.1.22 |
| 6 | ബിൽ നം. | 14/29.11.22 – 139241/-<br>30/7.3.23 - 231983/- |
| 7 | എം.ബുക്ക് നം. | 141/22-23 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 28.7.22 |

| | | |
|---|---|---|
| 9 | പൂർത്തീകരിച്ച തീയ്യതി | 20.2.23 |
| 10 | ഈടാക്കേണ്ട ഫൈൻ (3%) | 11136/- |
| 11 | ഈടാക്കിയത് | 3713/- |
| 12 | ഈടാക്കേണ്ടത് | 7423/- |
| | **കുറിപ്പ്** * പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരൻ അപേക്ഷ നൽകുകയോ, സപ്ലിമെന്ററിഎഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. | |

(3)

| ക്രമ നം | **പ്രവൃത്തിയുടെ വിവരം** | **104/23 – പള്ളിപ്പടി –മൂരിപ്പാറ റോഡ് ഡ്രൈനേജ് (സ്പിൽ ഓവർ)** |
|---|---|---|
| 1 | അടങ്കൽ - | 277960/- CFC |
| 2 | PAC- | 248175/- |
| 3 | കരാറുകാരൻ - | ശ്രീ.സക്കീർഹുസൈൻ |
| 4 | സാങ്കേതികാനുമതി | 106891/21-22/25.12.21- 6 മാസം |
| 5 | എഗ്രിമെന്റ് നം.: | 98/AE/LID &EW/TMCD /2021-22/dt.25.1.22 |
| 6 | ബിൽ നം. | വൗ.നം.XVFC/P-10/22.12.22- 277960/- |
| 7 | എം.ബുക്ക് നം. | 130/22-23 |
| 8 | പൂർത്തീകരിക്കേണ്ട തീയ്യതി: | 24.7.22 |
| 9 | പൂർത്തീകരിച്ച തീയ്യതി | 27.10.22 |
| 10 | ഈടാക്കേണ്ട ഫൈൻ (1%) | 2482/- |
| 11 | ഈടാക്കിയത് | 0 |
| 12 | ഈടാക്കേണ്ടത് | 2482/- |
| | **കുറിപ്പ്** * പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരൻ അപേക്ഷ നൽകുകയോ, സപ്ലിമെന്ററിഎഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. | |

മതിയായ പിഴ ഈടാക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/17.11.23) പിഴ തുക ഉത്തരവാദിയായ കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കാമെന്ന് നിർവഹണ

ഉദ്യോഗസ്ഥൻ മറുപടിയായി അറിയിച്ചിട്ടുണ്ട്. പിഴ തുകയായ 15524/- രൂപ (5619+7423+2482) ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-32 ടേക്ക് എ-ബ്രേക് പദ്ധതി - പ്രവർത്തനക്ഷമമാക്കേണ്ടതാണ്

സാമ്പത്തിക വർഷം അസി.എഞ്ചിനീയർ മുഖേന താഴെപ്പറയുന്ന ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് സ്പിൽ ഓവറായി തുക വകയിരുത്തിയെങ്കിലും ചെലവ് പൂർണ്ണമായും നിർവ്വഹിച്ചിട്ടില്ല. പ്രസ്തുത പദ്ധതി 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടവയാണ്.

പ്രോ.നം.66/23 – ടേക്ക് എ ബ്രേക്ക് പദ്ധതി - പൊതു സ്ഥലത്ത് സാനിട്ടറി കോംപ്ലക്സ് നിർമ്മാണം

അടങ്കൽ - 1054000/- ( CFC)

കരാർ നം.68/20-21/28.1.21

ചെലവ് - 546971/- ( ബിൽ നം. 123/7.11.22 )

കരാറുകാരൻ- ശ്രീ.ഹാഷിം.ഇ.വി.

സ.ഉ(കൈ)നം.39/2020/LSGD തിയതി 29-02-2020 പ്രകാരം ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ 12000 ശുചിമുറികൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി ഇതിനായി അതത് തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.1401/2020/LSGD തിയതി 27-7-2020 പ്രകാരം ടേക് എ ബ്രേക് പൊതു ശുചിമുറികളുടെ നിർമ്മാണത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ടേക്ക് എ ബ്രേക്ക് പദ്ധതി - പൊതു സ്ഥലത്ത് സാനിട്ടറി കോംപ്ലക്സ് നിർമ്മാണം എന്ന പദ്ധതിയിൽ സ്ത്രീകളുടെ രണ്ട് ക്ലോസെറ്റ്, ഒരു പുരുഷന്മാരുടെ ക്ലോസെറ്റ്, ഒരു Elderly Disabled Closet, പുരുഷന്മാരുടെ യൂറിനൽ, കടമുറി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കരാറുകാരനുമായി അസിസ്റ്റന്റ് എഞ്ചിനിയർ 28.1.21 ന് കരാർ ചമച്ച പ്രവൃത്തിയിൽ 29.11.22 ന് 546971/-രൂപ പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്. മേൽ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.18/17.11.23) സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ, യാർഡ് ഇന്റർ ലോക്കിംഗ്, പെയിന്റിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികൾ പൂർത്തിയാക്കി ടേക്ക് എ ബ്രേക്ക് എത്രയും വേഗം പൊതു ജനങ്ങൾക്ക് തുറന്നു കൊടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-33 ഗ്രാമ കേന്ദ്രങ്ങളുടെ നിർമ്മാണം- കരാർ പ്രകാരമുള്ള മുഴുവൻ പ്രവർത്തിയും പൂർത്തിയാക്കിയില്ല

പ്രോ.നം. 115/22-23 – പുതിയ ഗ്രാമകേന്ദ്രങ്ങളുടെ നിർമ്മാണം 2019-20 പ്രോ.നം.236 പൂർത്തിയായ പ്രവൃത്തിക്ക് തുക നൽകൽ - (സ്പിൽ ഓവർ)

അടങ്കൽ - 352000/- (168656/- (ജനറൽ- സാധാരണ വിഹിതം,

183344/- തനത് ഫണ്ട്)

കരാർ നം. - 65/19-20/20.2.20

കരാറുകാരൻ - ശ്രീ.മനാഫ്. ഇ.വി.

ബിൽ നം. - 21/4.2.23 – 168656/-

എം.ബുക്ക്- നം. 118, 47, 48, 49, 27/2020-21

2019-20 സാമ്പത്തിക വർഷത്തിൽ 2 പുതിയ ഗ്രാമ കേന്ദ്രങ്ങൾ പണിയുന്നതിനായി 352000/- രൂപ അടങ്കലിൽ പ്രോജക്റ്റ് വെക്കുകയും 20.2.20 ന് കരാറുകാരൻ പണി ഏറ്റെടുക്കുകയും പ്രവൃത്തി തുടങ്ങുകയും

ചെയ്തിട്ടുണ്ട്. എന്നാൽ ഒരു ഗ്രാമ കേന്ദ്രം പണിയുന്നതിനുള്ള ചെലവ് തുകയായ 168656/- രൂപ മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്. രണ്ടാമത്തെ ഗ്രാമ കേന്ദ്രം പൂർത്തിയാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ രണ്ടാമത്തെ ഗ്രാമ കേന്ദ്രം പണിയുന്നതിനുള്ള സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ 1.12.21 തിയതിയിലെ പഞ്ചായത്ത് തീരുമാനം നം. 1(3) പ്രകാരം ഗ്രാമ കേന്ദ്രത്തിന്റെ പണി ഉപേക്ഷിച്ചതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.19/18.11.23) ന് മറുപടി ലഭ്യമായിട്ടില്ല. പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നതിനു മുമ്പ് അനുയോജ്യമായ സ്ഥല ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്.

## 1-34 മരാമത്ത് പ്രവൃത്തികൾ- പൊതു അപാകതകൾ

### പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ഫണ്ട് നഷ്ടം

ഓഡിറ്റ് വർഷം 141 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 62 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. 42264268 രൂപ വകയിരുത്തിയതിൽ 14778555 (34.96%) മാത്രമാണ് ചെലവായത്. മെയിന്റനൻസ് ഗ്രാന്റ് റോഡ് - 4 പ്രവൃത്തികൾ മാത്രമാണ് നടപ്പിലായത്. വകയിരുത്തിയ തുകയുടെ 13% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ഫണ്ട് നഷ്ടമാകുന്നതിന് ഇടയാകുന്നു.

### സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയില്ല

മുൻവർഷങ്ങളിൽ ആരംഭിച്ച് തൻവർഷം സ്പിൽ ഓവർ അംഗീകാരം വാങ്ങിയ താഴെ പറയുന്ന പ്രവർത്തികൾക്ക് ഓഡിറ്റ് വർഷം ചെലവ് വന്നിട്ടില്ല.

| | പ്രൊജക്ട് നം | പേര് | അടങ്കൽ |
|---|---|---|---|
| 1 | 61/23 | ചാത്തന്നൂർ സബ് സെന്റർ പുനരുദ്ധാരണം | 1485000 |
| 2 | 62/23 | ഭാരതപ്പുഴയുടെ തീരത്തെ പഞ്ചായത്ത് ഭൂമി സംരക്ഷിക്കൽ (നക്ഷത്രവനം) | 620686 |
| 3 | 63/23 | ഭാരതപ്പുഴയുടെ തീരത്തെ പഞ്ചായത്ത് ഭൂമി (നക്ഷത്രവനം) പാത്ത് വേ നിർമ്മാണം | 1140000 |
| 4 | 116/23 | ബാലവിഹാരം, ബഡ്സ് സ്കൂൾ എന്നിവടങ്ങളിൽ കുഴൽ കിണർ നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ | 149390 |
| 5 | 64/23 | വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണം | 112448 |
| 6 | 65/23 | കാഞ്ഞിരക്കുന്നത്ത് ഭാഗം സൈഡ് കെട്ടി റോഡ് കോൺക്രീറ്റിംഗ് | 200000 |
| 7 | 70/23 | കച്ചേരിമുക്ക് റോഡ് റീ ടാറിംഗ് | 335000 |
| 8 | 76/23 | ഇളവള്ളി സ്കൂൾ പരിസരം കുടിവെള്ള പദ്ധതി | 400000 |
| 9 | 79/23 | നാല് സെന്റ് കോളനി | 200000 |

| | | | |
|---|---|---|---|
| | | കുടിവെള്ള പദ്ധതി | |
| 10 | 80/23 | എനാംകുന്ന് കുടിവെള്ള പദ്ധതി | 250000 |
| 11 | 83/23 | പള്ളിപ്പാടം സെന്റർ കുടിവെള്ള പദ്ധതി | 350000 |
| 12 | 84/23 | മിച്ചഭൂമി കുടിവെള്ള പദ്ധതി | 400000 |
| 13 | 86/23 | മതുപ്പള്ളി കുടിവെള്ള പദ്ധതി | 400000 |
| 14 | 90/23 | വിവിധ കുളങ്ങളുടെ നവീകരണം | 287400 |
| 15 | 99/23 | കാന്തളം കുടിവെള്ള പദ്ധതി | 400000 |
| 16 | 100/23 | പുതലിപ്പറം കുടിവെള്ള പദ്ധതി വിപുലീകരണം | 150000 |
| 17 | 102/23 | ഇരുങ്കൂറ്റൂർ-രായമംഗലം റോഡ് ഡ്രൈനേജ് | 400000 |

**മോണിറ്ററിംഗ് സംവിധാനം**

ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 12.2(8) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പു വരുത്തുന്നതിന് ഓരോ പ്രവൃത്തിക്ക് വേണ്ടിയും **ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള** മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മാതൃകയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ മോണിറ്ററിംഗിനും വിധേയമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/21.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ട് നഷ്ടമാവാതിരിക്കാൻ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്പിൽ ഓവർ പദ്ധതികൾ ഓഡിറ്റ് വർഷം തന്നെ ചെലവ് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊതു മരാമത്തു പ്രവർത്തികൾ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

**1-35 ഒ.ഡി. എഫ് ഗ്യാപ് ഫില്ലിങ്ങ് - ടോയ് ലറ്റ് നിർമ്മാണം പൂർത്തീകരിച്ചില്ല**

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 51, വ്യക്തിഗത കക്കൂസ് നിർമ്മാണം- ഒ.ഡി.എഫ് ഗ്യാപ്പ് ഫില്ലിങ്ങ് |
| അടങ്കൽ തുക | 616000 (ധനകാര്യകമ്മീഷൻ അവാർഡ് - 136000 + കേന്ദ്രാവിഷ്കൃത ഫണ്ട്- 480000 ) |
| ചെലവ് തുക | 357400. (ധനകാര്യകമ്മീഷൻ അവാർഡ് -105400+ കേന്ദ്രാവിഷ്കൃത ഫണ്ട്- 252000) |
| ബിൽ സാങ്ക്ഷൻ ഓർഡർ നമ്പർ /തിയതി | 195/4.01.23- 78000<br>273/5.02.23- 66000<br>277/9.02.23- 12000 |

| | |
|---|---|
| | 316/22.02.23- 48000<br>362/13.03.23- 12000<br>376/15.03.23- 6000<br>421/23.03.23- 12000<br>430/24.03.23- 12000<br>493/28.03.23- 6000<br>325/24.02.23- 98600<br>377/15.03.23- 3400<br>427/24.03.23- 3400 |

2022-23 സാമ്പത്തിക വർഷത്തിൽ വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പരാമർശിച്ച പദ്ധതിയിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ടോയ് ലറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. (ഒരു ഗുണഭോക്താവിന് 15400 രൂപയാണ് വകയിരുത്തിയിട്ടുള്ളത്)

| ക്രമ നം. | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | റസാഖ്, കാലിവളവിൽ, നെല്ലിക്കാട്ടിരി | 9400 |
| 2 | വാസന്തി, കരുവാൻപുരക്കൽ, ഒഴുവത | 9400 |
| 3 | സരോജിനി. കെ.പി, പടിഞ്ഞാക്കരപ്പടി, രായമംഗലം | 9400 |
| 4 | ലളിതാംബിക, കിഴക്കുട്ട്, എഴുമങ്ങാട് | 9400 |
| 5 | ബീവിക്കുട്ടി, പുത്തൻപീടികയിൽ, ആറങ്ങോട്ടുകര | 9400 |
| 6 | റസിയ, കദളിയിൽ, ചെരിപ്പൂർ | 9400 |
| 7 | രേവതി, മേലേപുരക്കൽ, ഇട്ടോണം | 9400 |
| 8 | സുലൈഖ, മണ്ണംവെട്ടത്ത്, നെല്ലിക്കാട്ടിരി | 9400 |
| 9 | ഉഷാദേവി, നരിയപറമ്പിൽ, വടക്കേവെള്ളടിക്കുന്ന്, നെല്ലിക്കാട്ടിരി | 9400 |
| 10 | ശാന്ത, പറയക്കോളനി, രായമംഗലം | 9400 |
| 11 | നാണിക്കുട്ടി, താഴത്തുവീട്ടിൽ, മരുപ്പള്ളി | 9400 |
| 12 | ദേവയാനി, പറോല, മരുപ്പള്ളി | 9400 |
| 13 | ഫാത്തിമ, ചേലൂർ, ഇരുങ്കൂറ്റൂർ | 9400 |

ഗുണഭോക്താക്കൾ ടോയ്ലറ്റ് നിർമ്മാണം പൂർത്തിയാക്കിയതിന്റെ തുടർനടപടിവിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/21.11.23) ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്നും പൂർത്തിയാക്കുന്ന മുറക്ക് മുഴുവൻ തുക അനുവദിക്കുന്നതാണ് എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

**ഓഡിറ്റ് നിർദ്ദേശം**

ഗുണഭോക്താക്കൾ ടോയ്ലറ്റ് നിർമ്മാണം പൂർത്തീകരിച്ചതിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2022-23 | 13.11.2023 മുതൽ 21.11.2023വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | 32,235 | വിവരങ്ങൾ ലഭ്യമല്ല | 0 | 32,235 |
| തൃത്താല ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 80000 | 173/23-നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-എസ് സി | 80000 | 0 |
| | | 900000 | 181/23-നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 900000 | 0 |
| | | 100000 | 48/23- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| | | 50000 | 49/23- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |
| | ആകെ | 1162235 | | 1130000 | 32235 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 80000 | 173/23-നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 80000 | 0 |
| | | 1256495 | 181/23-നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1256495 | 0 |

| | | | | | |
|---|---|---|---|---|---|
| | | 160000 | 48/23- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 160000 | 0 |
| | | 1260000 | 59/23-ലൈഫ് ഭവന നിർമാണം-എസ്.സി ഡിപ്പാർട്ട്മെന്റ് അഡീഷണൽ ലിസ്റ്റ് | 1260000 | 0 |
| | | 30,000 | ആശ്രയ ഫണ്ട് | 0 | 30,000 |
| | ആകെ | 2786495 | | 2756495 | 30000 |

## 4-3 ഡെപ്പോസിറ്റ് പ്രവർത്തികൾകായി തുക നല്കിയത്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1.KSEB പെരിങ്ങോട് സെക്ഷൻ 2.KSEB, കുട്ടപാത സെക്ഷൻ | 192/23- വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1) 100602 രൂപ 21/17.3.23 2)39493 വൗച്ചർ നം 22200930/25.2.23 | 140095 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷത്തിൽ വായ്പയെടുത്തിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമാണം HUDCO | -- | 25112030 | 17816030 | 2928255 | -- | 14887775 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവൊന്നുമില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 (വിഷയാധിഷ്ഠിത അവലോകനം) | 3-17 | 2015-16 | 5-2-1-ബി | ഗ്രാമ പഞ്ചായത്തു കളിലെ കമ്പ്യൂട്ടർ വത്ക്കരണം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 42111311 |
| ഓഡിറ്റ് വർഷത്തെ വരവ് | 57679041 |
| ആകെ | 99790352 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 40597368 |
| നീക്കിയിരിപ്പ് | 59192984 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (ഭാഗം- I പ്രകാരം) | 15524 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 145767 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 15524 | ശ്രീ.അശ്വിൻ ജോസഫ് മൈക്കേൽ, അസിസ്റ്റന്റ് എഞ്ചിനിയർ |

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സ പ്പെട്ടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 101250 | ശ്രീമതി.സീനത്ത്.കെ.ടി, കൃഷി ഓഫീസർ |
| 1-24 | 43117 | ഡോ.ഖലീൽ മജീദ്, മെഡിക്കൽ ഓഫീസർ |
| 1-25 | 1400 | ഡോ.ഖലീൽ മജീദ്, മെഡിക്കൽ ഓഫീസർ |
| ആകെ | 145767 | |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സീനത്ത്.കെ.ടി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് | തച്ചാരംകുന്നത്ത് ഹൗസ്, തൃത്താല പി.ഒ. പാലക്കാട് – 679534 |
| ഡോ.ഖലീൽ മജീദ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ചാലിശ്ശേരി പി.എച്ച്.സി. | മയ്യേരി ഹൗസ്, പരവന്നൂർ വെസ്റ്റ്, പരമ്മലങ്ങാടി പി.ഒ., മലപ്പുറം-676551 |
| ശ്രീ.അശ്വിൻ ജോസഫ് മൈക്കേൽ, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കെ.എസ്.ഇ.ബി., ഇടുക്കി | ഇട്ടിപ്പറ്റ ഹൗസ്, പള്ളിനട പി.ഒ. പാലാരിവട്ടം, കൊച്ചി- 682025 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.പി 20/541 തീ.12.04.12 | 3 |
| 1997-98 | നം.എൽ.എഫ്.പി 20/42/2000 തീ.11.3.04 | 10 |
| 1998-99 | നം.എൽ.എഫ്.പി 11/818/04 തീ.28.12.07 | 15 |

| | | |
|---|---|---|
| 1999-00 | നം.എൽ.എഫ്.പി 20/785/10 തീ.15.06.11 | 12 |
| 2000-01 | നം.എൽ.എഫ്.പി 20/786 തീ.16-06-11 | 3 |
| 2001-02 | നം.എൽ.എഫ്.പി 20/788 തീ.25-06.11 | 6 |
| 2002-03 | നം.എൽ.എഫ്.പി 20/667 തീ.26.11.11 | 3 |
| 2003-04 | നം.എൽ.എഫ്.പി 20/667(a)/11 തീ.26.11.11 | 5 |
| 2004-05 | നം.എൽ.എഫ്.പി 20/668/11 തീ.26.11.11 | 3 |
| 2005-06 | നം.എൽ.എഫ്.പി 20/670 തീ.26.11.11 | 1 |
| 2006-07 | നം.എൽ.എഫ്.പി 20/874/12 തീ.21.05.12 | 4 |
| 2007-08 | നം.എൽ.എഫ്.പി 20/848(2) തീ.12.7.12 | 8 |
| 2009-10 | നം.എൽ.എഫ്.പി 20/2022/ തീ.30.11.22(അദാലത്ത് ) | 3 |
| 2010-11 | നം.എൽ.എഫ്.പി 20/2022/ തീ.30.11.22(അദാലത്ത് ) | 1 |
| 2011-12 | നം.എൽ.എഫ്.പി 20/2022/ തീ.30.11.22(അദാലത്ത് ) | 2 |
| 2012-13 | നം.എൽ.എഫ്.പി 20/2022/ തീ.30.11.22(അദാലത്ത് ) | 11 |
| 2013-14, 2014-15 | നം.എൽ.എഫ്.പി 20/2022/ തീ.30.11.22(അദാലത്ത് ) | 2 |
| 2016-17 | നം.എൽ.എഫ്.പി 20/2022/ തീ.30.11.22(അദാലത്ത് ) | 1 |
| 2017-18 | നം.എൽ.എഫ്.പി 20/2022/ തീ.30.11.22(അദാലത്ത് ) | 13 |
| 2018-19 | നം.കെ.എസ്.എ-പികെഡി 20/113/ 2021 തീ. 3.02.2021 | 17 |
| 2019-20 | നം.കെ.എസ്.എ-പികെഡി 20-1842/ 2021 തീ. 12.01.2022 | 22 |
| 2020-21 | നം.കെ.എസ്.എ-പികെഡി 20-1843/ 2021 തീ.19/01/2022 | 29 |
| 2021-22 | നം.കെ.എസ്.എ-പികെഡി 20-598/ 2023 തീ.29.4.23 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 30-06-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thirumittakode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thirumittakode Grama Panchayat for the year 2022-2023

**Date: 23/12/2023**

**Deputy Director**
**District Office Palakkad**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Thirumittakode Grama Panchayat for the Year 2022-2023 .

**1.Major Observations**

1.) MGNREGS âÂÂ monthly reconciliation of accounts not done.

**2.Other Observations**

1.) Asset register not updated.

2.) Net increase in cash flow mismatch.

3.) The following mandatory financial statement such as ratios prescribed in accounting rules are not submitted for audit.

4.) Stale cheques not accounted.

5.) Account for health grant(-118040) not included in AFS.

6) Non transaction accounts are present.

7.)Loan register is incomplete.

8.)Demand entry not made in the case of accrual based items.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്തം

(1)

| Thirumittakode Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 7759250.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 1032347.00 |
| 150000000 | Sale & Hire Charges | I-5 | 195800.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 152670942.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 469449.00 |
| 180000000 | Other Income | I-9 | 4807.00 |
| 190000000 | Prior Period Income | I-19 | 143693.00 |
| | **Total Income** | | **162132595.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 10528994.00 |
| 220000000 | Administrative Expenses | I-11 | 960269.00 |
| 230000000 | Operations & Maintenance | I-12 | 1561387.00 |
| 240000000 | Interest & Finance Charges | I-13 | 144.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10073330.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 33777025.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 10690245.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 25053436.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 60691538.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1537091.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 4000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 7539086.00 |
| | **Total Expenditure** | | **162416545.00** |

| | | | |
|---|---|---|---|
| | **Gross Surplus / Deficit of income over Expenditure** | | **-283950.00** |
| | **Gross Surplus / Deficit of income over Expenditure** | | **-427643.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **143693.00** |

**(2) Thirumittakode Grama Panchayat RECEIPT & PAYMENT STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 41756723.00 |
| Cash | Cash | RP-40(a) | 354588.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 963900.00 |
| 140000000 | Fees & User Charges | RP-4 | 612147.00 |
| 150000000 | Sale & Hire Charges | RP-5 | 195800.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 16017000.00 |
| 171000000 | Interest Earned | RP-9 | 469449.00 |
| 190000000 | Prior Period Income | RP-11 | 68082.00 |
| 220000000 | Administrative Expenses | RP-13 | 0.0 |
| 251000000 | Decentralised Plan Programme - Service Sector | RP-17 | 10991.00 |
| 311000000 | Earmarked Funds | RP-28 | 2728.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16286964.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 22084812.00 |
| 460000000 | Loans, Advances and Deposits | RP-49 | 8000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 4807.00 |
| 340000000 | Deposits Received | RP-33 | 38714.00 |
| 350000000 | Other Liabilities | RP-35 | 915647.00 |
| | **Grand total** | | **99790352.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 0.0 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 460.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9949206.00 |
| 460000000 | Loans, Advances and Deposits | RP-49 | 80000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 155548.00 |
| 350000000 | Other Liabilities | RP-35 | 30412154.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 59141411.00 |
| Cash | Cash | RP-40(b) | 51573.00 |
| | **Grand Total** | | **99790352.00** |

(3)

**Thirumittakode Grama Panchayat BALANCE SHEET as on 31-**

March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 27392096.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 70894.00 |
| 312000000 | Reserves | B-3 | 80189219.00 |
| | **Total Reserve & Surplus** | | **107652209.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16154167.00 |
| | **Total Grants, Contributions for Specific Purposes** | | **16154167.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 14887775.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **14887775.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 840403.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1985659.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2826062.00** |
| | **TOTAL LIABILITIES** | | **141520213.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 227514.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.0 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 18757349.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 64028102.00 |
| 416000000 | Accumulated Depreciation | B-11(a) | -26911969.00 |
| | **Total Fixed Assets** | | **56100996.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9952949.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 14887775.00 |
| 450000000 | Cash and Bank Balance | B-17 | 59192984.00 |
| 460000000 | Loans, Advances and Deposits | B-18 | 1385509.00 |

| | | | |
|---|---|---|---|
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **85419217.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | TOTAL ASSETS | | **141520213.00** |

ഡെപ്യൂട്ടി ഡയറക്ടർ